# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 17

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. (2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളജുകൾ, ഡിപ്പാർട്ട്‌മെന്റ്), 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്‌മെന്റ് മാത്രം) പരീക്ഷകൾ ജനുവരി 15 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 20 വരെയും 525 രൂപ പിഴയോടെ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2234/2019)

## ബി.കോം. മേഴ്‌സി ചാൻസ് പരീക്ഷ 18 മുതൽ

ബി.കോം. (മോഡൽ 1 - പാർട്ട് 3 മെയിൻ) ആനുവൽ സ്‌കീം സ്‌പെഷൽ മേഴ്‌സി ചാൻസ് പരീക്ഷ ഡിസംബർ 18 മുതൽ ആരംഭിക്കും. 14 കേന്ദ്രങ്ങളിലാണ് പരീക്ഷ നടത്തുന്നത്. വിശദവിവരങ്ങൾ അടങ്ങിയ വിജ്ഞാപനം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2235/2019)

## അപേക്ഷ തീയതി

അഫിലിയേറ്റഡ് കോളജുകളിലെയും സീപാസിലെയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷയ്ക്ക് പിഴയില്ലാതെ ഡിസംബർ 20 വരെയും 525 രൂപ പിഴയോടെ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2236/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

ആറാം സെമസ്റ്റർ ബി.ടെക് ഡിസംബർ 2018 പരീക്ഷയിലെ വിവിധ വിഷയങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഡിസംബർ 23, 24 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 223-ാം നമ്പർ മുറിയിൽ അസൽ തിരിച്ചറിയൽ രേഖയുമായി എത്തണം.

(പി.ആർ.ഒ/39/2237/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. പ്രിന്റ് ഇലക്‌ട്രോണിക് ജേർണലിസം (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2238/2019)

2019 മെയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2239/2019)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ്) പരീക്ഷയിൽ തടഞ്ഞുവെയ്ക്കപ്പെട്ടിരുന്ന ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2240/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. മോഹിനിയാട്ടം (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2241/2019)

## സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷ പരിശീലനം

ബി.കോം. (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക്, സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക്/സെക്രട്ടറി തസ്തികകളിലേക്ക് നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കും കേരള പി.എസ്.സി. നടത്തുന്ന കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പരീക്ഷയ്ക്കുമായി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ തീവ്ര പരിശീലന പരിപാടി ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025, 9446124931.

(പി.ആർ.ഒ/39/2242/2019)

## സിൻഡിക്കേറ്റ് യോഗം

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ഡിസംബർ 31ന് രാവിലെ 10.30ന് സർവകലാശാല ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ/39/2243/2019)

## പ്ലാസ്റ്റിക്കിന് പകരം പ്രകൃതിസൗഹൃദ സ്ട്രോ വികസിപ്പിച്ച് എം.ജി. പരിസ്ഥിതി പഠനവിഭാഗം

പ്ലാസ്റ്റിക് സ്ട്രോയ്ക്ക് ബദലായി പ്രകൃതി സൗഹൃദ സ്ട്രോയുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി പഠനവിഭാഗം. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ രണ്ടാം വർഷ പരിസ്ഥിതി ശാസ്ത്രവിദ്യാർഥി ഷിജോ ജോയിയാണ് പുല്ലുവർഗത്തിൽപ്പെട്ട 'പോത'യുടെ (പെനിസിറ്റം വർഗം) തണ്ടിൽനിന്ന് പ്രകൃതിസൗഹൃദമായ സ്ട്രോ വികസിപ്പിച്ചെടുത്തത്.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നമാലിന്യങ്ങൾ പരിസ്ഥിതിയെ വളരെ ദോഷകരമായി ബാധിക്കുകയും ജനുവരി ഒന്നുമുതൽ കേരളം ഇത്തരം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിക്കുകയും ചെയ്യുന്നതിനാൽ പുതിയ പരിസ്ഥിതി സൗഹൃദ സ്ട്രോയ്ക്ക് പ്രാധാന്യമേറെയാണ്. നാട്ടിൻപുറങ്ങളിൽ കളയായി കണ്ടുവരാറുള്ള പുല്ലുവർഗത്തിൽപ്പെട്ട 'പോത'യിൽനിന്ന് ചെലവുകുറഞ്ഞ രീതിയിൽ സ്ട്രോ നിർമിക്കാമെന്ന് ഷിജോ ജോയി പറയുന്നു.

നിരവധി പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും ശേഷമാണ് പ്രകൃതിസൗഹൃദ സ്ട്രോ വികസിപ്പിച്ചെടുത്തത്. വിവിധ രാജ്യങ്ങൾ പ്ലാസ്റ്റിക് സ്ട്രോ ഉപേക്ഷിച്ച് പ്രകൃതിസൗഹൃദ സ്ട്രോകളിലേക്ക് മാറുന്നതിനായി പരീക്ഷണങ്ങൾ നടത്തിവരികയാണ്.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല പരിസ്ഥിതി പഠനവിഭാഗം വിദ്യാർഥി ഷിജോ ജോയി പുല്ലുവർഗത്തിൽപ്പെട്ട പോതയിൽ നിന്ന് വികസിപ്പിച്ച പരിസ്ഥിതി സൗഹൃദ സ്ട്രോ**

**പുല്ലുവർഗത്തിൽപ്പെട്ട പോത**

(പി.ആർ.ഒ/39/2244/2019)

## ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; രാജ്യാന്തര കോൺഫറൻസ് നാളെമുതൽ (ഡിസംബർ 19)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര കോൺഫറൻസ് നാളെ (ഡിസംബർ 19) ആരംഭിക്കും. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

യു.ജി.സി. എമിററ്റസ് പ്രൊഫസറും ഉസ്മാനിയ സർവകലാശാല സെന്റർ ഫോർ ഇന്ത്യൻ ഓഷ്യൻ സ്റ്റഡീസ് മുൻ ഡയറക്ടറുമായ ഡോ. പി.വി. റാവു മുഖ്യപ്രഭാഷണം നടത്തും. പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. കെ.എൻ. കൃഷ്ണൻ, ചൈനയിലെ സിച്ചുവാൻ അക്കാദമി ഓഫ് സോഷ്യൽ സയൻസസിലെ സെന്റർ ഫോർ ഇന്ത്യ സ്റ്റഡീസ് സെക്രട്ടറി ജനറൽ ഡോ. യു ഷാവോമിൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറൽ ഡോ. ഡിംപി ദിവാകരൻ,

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ, ആർ. മാധുരി എന്നിവർ പങ്കെടുക്കും.

ദക്ഷിണേഷ്യയിലെ സുരക്ഷാപ്രശ്നങ്ങൾ, വികസനവും മനുഷ്യസുരക്ഷയും, തീരസുരക്ഷ, സമാധാനവും സുരക്ഷയും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശിക സഹകരണം, ഭരണവും വികസനവും നേരിടുന്ന വെല്ലുവിളികൾ, ഇന്ത്യയും ദക്ഷിണേഷ്യയും, പാരിസ്ഥിതിക-ഊർജ സുരക്ഷ പ്രശ്നങ്ങൾ, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നത്. വിദേശരാജ്യങ്ങളിൽനിന്നടക്കം അധ്യാപകരും ഗവേഷകരും വിദ്യാർഥികളും കോൺഫറൻസിൽ പങ്കെടുക്കും.

## "South Asia Beyond Terrorism: Peace, Development and Human Security"; International Conference

The School of International Relations and Politics (SIRP), Mahatma Gandhi University and Institute for Contemporary Chinese Studies, in association with Maulana Abul Kalam Azad Institute of Asian Studies (MAKAIAS), Kolkata and Institute of Parliamentary Affairs, Government of Kerala, Thiruvananthapuram, is organizing an International Conference. The conference is titled "South Asia Beyond Terrorism: Peace, Development and Human Security" and takes place from the 19th to 20th of December 2019. In the morning inaugural session that starts at 9:30 am on the 19th, Dr. Sabu Thomas, the hon. Vice Chancellor, M G University will deliver the inaugural address. The keynote address will be delivered by Dr. P.V.Rao, UGC Emeritus Professor and Former Director, Centre for Indian Ocean Studies, Osmania University. The academic sessions that follow will be engaged by scholars, policy makers, analysts, diplomats and experts from media, within India and abroad.

(പി.ആർ.ഒ/39/2245/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 17

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്സി. (2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളജുകൾ, ഡിപ്പാർട്ട്മെന്റ്), 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷകൾ ജനുവരി 15 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 20 വരെയും 525 രൂപ പിഴയോടെ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2234/2019)

## ബി.കോം. മേഴ്സി ചാൻസ് പരീക്ഷ 18 മുതൽ

ബി.കോം. (മോഡൽ 1 - പാർട്ട് 3 മെയിൻ) ആനുവൽ സ്കീം സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷ ഡിസംബർ 18 മുതൽ ആരംഭിക്കും. 14 കേന്ദ്രങ്ങളിലാണ് പരീക്ഷ നടത്തുന്നത്. വിശദവിവരങ്ങൾ അടങ്ങിയ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2235/2019)

## അപേക്ഷ തീയതി

അഫിലിയേറ്റഡ് കോളജുകളിലെയും സീപാസിലെയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷയ്ക്ക് പിഴയില്ലാതെ ഡിസംബർ 20 വരെയും 525 രൂപ പിഴയോടെ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2236/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

ആറാം സെമസ്റ്റർ ബി.ടെക് ഡിസംബർ 2018 പരീക്ഷയിലെ വിവിധ വിഷയങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഡിസംബർ 23, 24 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 223-ാം നമ്പർ മുറിയിൽ അസൽ തിരിച്ചറിയൽ രേഖയുമായി എത്തണം.

(പി.ആർ.ഒ/39/2237/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. പ്രിന്റ് ഇലക്ട്രോണിക് ജേർണലിസം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2238/2019)

2019 മെയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2239/2019)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ്) പരീക്ഷയിൽ തടഞ്ഞുവെയ്ക്കപ്പെട്ടിരുന്ന ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2240/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. മോഹിനിയാട്ടം (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2241/2019)

## സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷ പരിശീലനം

ബി.കോം. (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക്, സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക്/സെക്രട്ടറി തസ്തികകളിലേക്ക് നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കും കേരള പി.എസ്.സി. നടത്തുന്ന കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പരീക്ഷയ്ക്കുമായി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ തീവ്ര പരിശീലന പരിപാടി ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025, 9446124931.

(പി.ആർ.ഒ/39/2242/2019)

## സിൻഡിക്കേറ്റ് യോഗം

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ഡിസംബർ 31ന് രാവിലെ 10.30ന് സർവകലാശാല ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ/39/2243/2019)

## പ്ലാസ്റ്റിക്കിന് പകരം പ്രകൃതിസൗഹൃദ സ്ട്രോ
## വികസിപ്പിച്ച് എം.ജി. പരിസ്ഥിതി പഠനവിഭാഗം

പ്ലാസ്റ്റിക് സ്ട്രോയ്ക്ക് ബദലായി പ്രകൃതി സൗഹൃദ സ്ട്രോയുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി പഠനവിഭാഗം. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ രണ്ടാം വർഷ പരിസ്ഥിതി ശാസ്ത്രവിദ്യാർഥി ഷിജോ ജോയിയാണ് പുല്ലുവർഗത്തിൽപ്പെട്ട 'പോത'യുടെ (പെനിസിറ്റം വർഗം) തണ്ടിൽനിന്ന് പ്രകൃതിസൗഹൃദമായ സ്ട്രോ വികസിപ്പിച്ചെടുത്തത്.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നമാലിന്യങ്ങൾ പരിസ്ഥിതിയെ വളരെ ദോഷകരമായി ബാധിക്കുകയും ജനുവരി ഒന്നുമുതൽ കേരളം ഇത്തരം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിക്കുകയും ചെയ്യുന്നതിനാൽ പുതിയ പരിസ്ഥിതി സൗഹൃദ സ്ട്രോയ്ക്ക് പ്രാധാന്യമേറെയാണ്. നാട്ടിൻപുറങ്ങളിൽ കളയായി കണ്ടുവരാറുള്ള പുല്ലുവർഗത്തിൽപ്പെട്ട 'പോത'യിൽനിന്ന് ചെലവുകുറഞ്ഞ രീതിയിൽ സ്ട്രോ നിർമിക്കാമെന്ന് ഷിജോ ജോയി പറയുന്നു.

നിരവധി പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും ശേഷമാണ് പ്രകൃതിസൗഹൃദ സ്ട്രോ വികസിപ്പിച്ചെടുത്തത്. വിവിധ രാജ്യങ്ങൾ പ്ലാസ്റ്റിക് സ്ട്രോ ഉപേക്ഷിച്ച് പ്രകൃതിസൗഹൃദ സ്ട്രോകളിലേക്ക് മാറുന്നതിനായി പരീക്ഷണങ്ങൾ നടത്തിവരികയാണ്.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല പരിസ്ഥിതി പഠനവിഭാഗം വിദ്യാർഥി ഷിജോ ജോയി പുല്ലുവർഗത്തിൽപ്പെട്ട പോതയിൽ നിന്ന് വികസിപ്പിച്ച പരിസ്ഥിതി സൗഹൃദ സ്ട്രോ**

**പുല്ലുവർഗത്തിൽപ്പെട്ട പോത**

(പി.ആർ.ഒ/39/2244/2019)

## ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം;
## രാജ്യാന്തര കോൺഫറൻസ് നാളെമുതൽ (ഡിസംബർ 19)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര കോൺഫറൻസ് നാളെ (ഡിസംബർ 19) ആരംഭിക്കും. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

യു.ജി.സി. എമിററ്റസ് പ്രൊഫസറും ഉസ്മാനിയ സർവകലാശാല സെന്റർ ഫോർ ഇന്ത്യൻ ഓഷ്യൻ സ്റ്റഡീസ് മുൻ ഡയറക്ടറുമായ ഡോ. പി.വി. റാവു മുഖ്യപ്രഭാഷണം നടത്തും. പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. കെ.എൻ. കൃഷ്ണൻ, ചൈനയിലെ സിച്ചുവാൻ അക്കാദമി ഓഫ് സോഷ്യൽ സയൻസസിലെ സെന്റർ ഫോർ ഇന്ത്യ സ്റ്റഡീസ് സെക്രട്ടറി ജനറൽ ഡോ. യു ഷാവോമിൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറൽ ഡോ. ഡിംപി ദിവാകരൻ,

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ, ആർ. മാധുരി എന്നിവർ പങ്കെടുക്കും.

ദക്ഷിണേഷ്യയിലെ സുരക്ഷാപ്രശ്നങ്ങൾ, വികസനവും മനുഷ്യസുരക്ഷയും, തീരസുരക്ഷ, സമാധാനവും സുരക്ഷയും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശിക സഹകരണം, ഭരണവും വികസനവും നേരിടുന്ന വെല്ലുവിളികൾ, ഇന്ത്യയും ദക്ഷിണേഷ്യയും, പാരിസ്ഥിതിക-ഊർജ സുരക്ഷ പ്രശ്നങ്ങൾ, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നത്. വിദേശരാജ്യങ്ങളിൽനിന്നടക്കം അധ്യാപകരും ഗവേഷകരും വിദ്യാർഥികളും കോൺഫറൻസിൽ പങ്കെടുക്കും.

## "South Asia Beyond Terrorism: Peace, Development and Human Security"; International Conference

The School of International Relations and Politics (SIRP), Mahatma Gandhi University and Institute for Contemporary Chinese Studies, in association with Maulana Abul Kalam Azad Institute of Asian Studies (MAKAIAS), Kolkata and Institute of Parliamentary Affairs, Government of Kerala, Thiruvananthapuram, is organizing an International Conference. The conference is titled "South Asia Beyond Terrorism: Peace, Development and Human Security" and takes place from the 19th to 20th of December 2019. In the morning inaugural session that starts at 9:30 am on the 19th, Dr. Sabu Thomas, the hon. Vice Chancellor, M G University will deliver the inaugural address. The keynote address will be delivered by Dr. P.V.Rao, UGC Emeritus Professor and Former Director, Centre for Indian Ocean Studies, Osmania University. The academic sessions that follow will be engaged by scholars, policy makers, analysts, diplomats and experts from media, within India and abroad.

(പി.ആർ.ഒ/39/2245/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ